DESPATCHED
22/06/2020

20/03/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 3149*(7)/2014*/***എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **19662**/*എസ്.ഐ.സി-ജി 6/14)*

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.രാഘവൻ കെ.,
വളാംതോട്ടം, ഏഴോം പി.ഒ.,
കണ്ണൂർ, പിൻ – 670 334. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ജൂനിയർ സൂപ്രണ്ട്, (ബി) സെക്ഷൻ,
കളക്ടറേറ്റ്, കണ്ണൂർ – 670 002.

2. അപ്പീൽ അധികാരി&
ഡെപ്യൂട്ടി കളക്ടർ (എൽ.ആർ.),
കണ്ണൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 02.08.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | – |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 11.09.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 12.12.2014 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 17.12.2014 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 21.01.2020 വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കണ്ണൂർ |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>അപ്പീലധികാരി | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.രാഘവൻ കെ., 12.12.2014ന്

സമർപ്പിച്ച അപ്പീൽ ഹർജി 17.12.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.3149(7)/14/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് അപൂർണ്ണവും തെറ്റായതുമായ മറുപടിയാണ് നൽകിയതെന്നും ശരിയായ മറുപടി ലഭ്യമാക്കണമെന്നും വീഴ്ച വരുത്തിയ എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 02.08.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 11.09.2014ന് സമർപ്പിച്ച ഒന്നാം അപ്പീലിന് മറുപടി നൽകിയതായും കാണുന്നു.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ 02.08.2014ന് സമർപ്പിച്ച അപേക്ഷ 04.08.2014ന് ടി ഓഫീസിൽ ലഭിക്കുകയും ആയത് പ്രകാരം വില്ലേജ് ഓഫീസർ നം.99866/88 തീയതി 07.07.92 നമ്പർ പ്രകാരം അനുവദിച്ച ഡീഡ് ഓഫ് അസൈൻമെന്റിന്റെയും അനുവദിച്ച മിച്ചഭൂമിയുടെ പ്ലോട്ടിനാണ് ആവശ്യപ്പെട്ടിരുന്നതെന്നും ജില്ലാ കളക്ടറുടെ മേൽ നമ്പർ ഫയൽ നടപടികൾ പൂർത്തിയായി തീർപ്പാക്കിയ ഫയലായതിനാൽ ആയത് സൂക്ഷിച്ചിരിക്കുന്നത് കളക്ടറേറ്റിലെ റിക്കാർഡ് റൂമിലാണെന്നും പ്രസ്തുത ഫയൽ ലഭ്യമാക്കുന്നതിന് 26.08.2014ന് റിക്കാർഡ് സെക്ഷൻ ഹെഡ് ക്ലാർക്കിന് കുറിപ്പു നൽകിയെന്നുമാണ്. എന്നാൽ പ്രസ്തുത ഫയൽ റിക്കാർഡ് റൂമിൽ ലഭ്യമല്ലെന്നും ആയത് സ്യൂട്ട് സെക്ഷൻ ക്ലാർക്ക് കൈപ്പറ്റിയിട്ടുള്ളതായും 29.08.2014ലെ കുറിപ്പ് പ്രകാരം റിക്കാർഡ് സെക്ഷൻ കൈപ്പറ്റിയിട്ടുള്ളതായും 29.08.2014ലെ കുറിപ്പു പ്രകാരം റിക്കാർഡ് സെക്ഷൻ ഹെഡ് ക്ലാർക്ക് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഫയൽ റിക്കാർഡ് റൂമിൽ ലഭ്യമല്ലെന്ന മറുപടി ഹർജിക്കാരന് 03.09.2014ന് നൽകിയെന്നുമാണ്. ടി ഫയൽ ലഭ്യമാക്കുന്നതിന് 03.09.2014ന് സ്യൂട്ട് സെക്ഷൻ ക്ലാർക്കിന് കുറിപ്പ് നൽകുകയും 03.09.2014 സ്യൂട്ട് സെക്ഷൻ സീനിയർ സൂപ്രണ്ടിന്റെ കുറിപ്പ് പ്രകാരം ആർ.ഡിസ്.99866/88 നമ്പർ ഫയൽ പയ്യന്നൂർ സബ് കോടതിയിലെ ഒ.എസ്.നം.168/2009 കേസുമായി ബന്ധപ്പെട്ട് കോടതിയിൽ ഹാജരാക്കുന്നതിനു വേണ്ടി 30.01.2013ന് പയ്യന്നൂർ അഡി.ഗവ.പ്ലീഡർക്ക് അയച്ചു കൊടുത്തിട്ടുണ്ടെന്ന് അറിയാൻ കഴിഞ്ഞതിന്റെ അടിസ്ഥാനത്തിൽ 26.09.2014ന് ടി വിവരം ഹർജിക്കാ

രനെ അറിയിച്ചുവെന്നുമാണ്. ഹർജിക്കാരൻ 11.09.2014ന് ഡെ.കളക്ടർ (എൽ.ആർ.) മുമ്പാകെ അപ്പീൽ സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാന ത്തിൽ അപ്പീൽ അധികാരി മുമ്പാകെ വിചാരണയ്ക്ക് ഹാജരാകുന്നതിന് ഹർജി ക്കാരന് നോട്ടീസ് നൽകുകയും 08.10.2014ന് ഹർജിക്കാരൻ ഹാജരാകുകയും മേൽ വിവരങ്ങൾ ഹർജിക്കാരനെ നേരിട്ട് ബോധ്യപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ 08.10.2014ന് പ്രസ്തുത അപ്പീൽ ഹർജിയിൽ തീർപ്പു കൽപ്പിച്ച് ഉത്തരവായെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കമ്മീഷനു ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷ സമർപ്പിച്ച സമയത്ത് ബന്ധപ്പെട്ട ഫയൽ കോടതിയിൽ കൈമാറിയിരുന്നുവെന്നും ആയതി നാൽ ഫയൽ ലഭ്യമല്ല എന്നാണ് മറുപടി നൽകിയതെന്നുമാണ്. എന്നാൽ ആയത് ലഭ്യമായപ്പോൾ 20.03.2019ൽ ടിയാന് വിവരങ്ങൾ നൽകിയെന്നുമാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെയും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയുരുത്തി ഇന്നേദിവസം 2020 മാർച്ച് 20–ാം തീയതി കമ്മീഷൻ തീർപ്പാക്കു ന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/